# <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യല്‍ ഓഡിറ്റ് റിപ്പോര്‍ട്ട്</u>

ജില്ല:തിരുവനന്തപുരം

ബ്ലോക്ക് വാമനപുരം

പഞ്ചായത്ത്:പുല്ലമ്പാറ

വാര്‍ഡ്: കൂനൻ വെങ്ങാ 6

സോഷ്യല്‍ ഓഡിറ്റ് പീരീഡ്: 1/10/2018-31/3/2019

റിപ്പോര്‍ട്ട് തയ്യാറാക്കിയത്

രേഷ്മ. ആർ.എസ്

**റിസോഴ്സ് പെര്‍ഴ്സണ്‍ വാമനപുരം** ബ്ലോക്ക്

---

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

## സോഷ്യല്‍ ഓഡിറ്റ് സൊസൈറ്റി കേരള _(MGNSASK)

## 2018-19

---

## ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറെ ലക്ഷ്യമാണ്.

### സവിശേഷതകൾ

നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
സ്ത്രീക്കും പുരുഷനും തുല്യ വേതനം

പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന

തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു

ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത

കരാറുകാരെ ഇടനിലക്കാരോ ഇല്ല

പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്

ബാങ്ക് പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം

സ്ത്രീകൾക്ക് മുൻഗണന

കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം

ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിങ്ങിനു വിധേയമാക്കണമെന്ന17(2) വകുപ്പ് നിഷ്കർഷിക്കുന്നു പദ്ധതി പ്രവർത്തന ത്തെപ്പറ്റിയും പൊതു ധനംചിലവഴിക്കുന്നതിനെപ്പറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് ആണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന .തൊഴിലുറപ്പ് നിയമപ്രകാരം വർഷത്തിൽ രണ്ടുതവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്സോഷ്യൽ ഓഡിറ്റ് ലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിന് സത്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു.പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ട് എന്നും പണം ചെലവഴിച്ച് അതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്നും ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട് എന്ന സോഷ്യൽ ഓഡിറ്റിലൂടെ കണ്ടെത്താൻ കഴിയുന്നു

ദ്ധതി ആസൂത്രണ്ണം. നിര്‍ വഹണം, മോണിറ്ററിംഗ് തുടങ്ങി എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പ ദ്ധതിയിൽ സുഗമവും സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നിലവിൽവന്നു.

## 2. പഞ്ചായത്ത് **അടിസ്ഥാന വിവരങ്ങൾ**

| | | |
|---|---|---|
| 1 | ജില്ല | തിരുവനന്തപുരം |
| 2 | ബ്ലോക്ക് | വാമനപുരം |
| 3 | അതിരുകള് | |
| | കിഴക്ക് | പനവൂര് ഗ്രാമപഞ്ചായത്ത് |
| | പടിഞ്ഞാറ് | നെല്ലനാട് ഗ്രാമപഞ്ചായത്ത് |
| | തെക്ക് | മാണിക്കല് ഗ്രാമപഞ്ചായത്ത് |
| | വടക്ക് | വാമനപുരം നദി |
| 4 | വിസ്തീര് ണം | 25.9 ച.കി.മീ |

| | | |
|---|---|---|
| | | |
| 5 | വാര്‍ഡ് കളുടെ എണ്ണം | 15 |
| 6 | ജനസംഖ്യ | 22452 |
| 7 | പട്ടിക ജാതി | 3769 |
| 8 | പട്ടികവര്‍ഗം | 65 |

.

# അവകാശങ്ങൾ

മഹാത്മഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലൂടെ ഗ്രാമീണ ജനതയ്ക്ക് തൊഴില്‍ നല്കപെടുന്നതോടൊപ്പം അവരുടെ പത്തു അവകാശങ്ങളും സംരക്ഷിക്കപെടുന്നു.സോഷ്യല്‍ ഓഡിറ്റിലൂടെ പ്രവൃത്തികളുടെ പരിശോധനയും അതോടൊപ്പം തൊഴിലാളികളുടെ പത്തവകാശങ്ങളും സംരക്ഷിക്കപെടുന്നുവെന്നും വിലയിരുത്തുന്നു. തൊഴിലുറപ്പ് നിയമത്തിലൂടെ തൊഴിലാളികള്‍ക്ക് ലഭ്യമായ അവകാശങ്ങളെ കുറിച്ച് താഴെ പറയുന്നു.

**1.തൊഴില്‍ കാര്‍ഡുമായി ബന്ധപ്പെവ:**

തൊഴില്‍ കാര്‍ഡ്ഒരുആധികാരികരേഖയാണ് .മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂള്‍ 2 പ്രകാരം തൊഴില്‍ കാര്‍ഡിന് അപേക്ഷ നല്‍കുന്ന കുടുംബങ്ങള്‍ക്ക് 15 ദിവസത്തിനകം തികച്ചും സൌജന്യമായി തൊഴില്‍ കാര്‍ഡ് ലഭ്യമാക്കണമെന്ന് അനുശാസിക്കുന്നു. കൂടാതെ കൃത്യമായ ഇടവേളകളില്‍ കാർഡ് പുതുക്കി നല്‍കേണ്ടതുമാണ്. തൊഴില്‍ കാര്‍ഡ് തൊഴിലാളികളുടെ കൈവശം തന്നെയാണ് സൂക്ഷിക്കേണ്ടത് തൊഴില്‍ ഏര്‍പ്പെട്ട ദിവസങ്ങള്‍ കൃത്യമായി രേഖ പെടുത്തിയിരിക്കുന്നു എന്നാല്‍ തൊഴില്‍ കാര്‍ഡില്‍ അടിസ്ഥാന പരമായി പൂരിപ്പികേണ്ട എല്ലാ ഭാഗങ്ങളും ഒഴിഞ്ഞു കിടക്കുന്നു.തൊഴിലാളി തൊഴില്‍ ആവശ്യ പെട്ട തീയതി,ആവശ്യ പെട്ട കാലയളവ് ജോലി ലഭ്യമായ കാലയളവ് ലഭ്യമായ കൂലി എന്നീ ഭാഗങ്ങള്‍ ഒന്നും തന്നെ പൂരിപിച്ചിട്ടില്ല.ആയതിനാല്‍ കഴിഞ്ഞ സാമ്പത്തീക വര്‍ഷം ഇതു തൊഴിലില്‍ ഭാഗമായിരുന്നു എന്ന് തൊഴില്‍

കാര്‍ ഡില്‍ നിന്നും മനസിലാക്കാന്‍ സാധിച്ചിരുന്നില്ല

**2.തൊഴില്‍ ലഭിക്കുന്നത് സംബന്ധിച്ച്:**

തൊഴില്‍ കാര്‍ ഡുള്ള ഏതൊരു കുടുംബത്തിനും 100 ദിവസത്തെ അവിദഗ്ദ കായിക തൊഴിലിന് അവകാശമുണ്ട്. അപേക്ഷ നല്‍ കിയാല്‍ കൈപ്പറ്റു രശീത് നല്‍ കുകയും15 ദിവസത്തിനകം തൊഴില്‍ ലഭ്യമാക്കണമെന്നും നിയമത്തില്‍ പ്രതിപാദിക്കുന്നു..അപേക്ഷ സ്വീകരിക്കുന്ന മുറയ്ക്ക് അപേക്ഷകന് കൈപ്പറ്റു രശീത് നിര്‍ ബന്ധമായും നല്‍ കണമെന്ന് നിയമത്തില്‍ അനുശാസിക്കുന്നുണ്ട് . ഫയലില്‍ തൊഴില്‍ അപേക്ഷകളോ രശീതിന്റെ കൌണ്ടര്‍ സ്ലിപ് കാണാന്‍ സാധിച്ചിട്ടില്ല.

തൊഴിലുറപ്പ് നിയമപ്രകാരം തൊഴില്‍ ആവശ്യപ്പെട്ടു കഴിഞ്ഞാല്‍ 15 ദിവസത്തിനകം തൊഴില്‍ ലഭ്യമാക്കണമെന്നുണ്ട്. വാർഡിലെ തൊഴിലാളികള്‍ ക്ക് തൊഴില്‍ ആവശ്യമുള്ള സമയങ്ങളില്‍ അപേക്ഷ സമര്‍ പ്പിക്കുന്ന മുറയ്ക്ക് 15 ദിവസത്തിനകം തൊഴില്‍ അനുവദിക്കേണ്ടതുണ്ട്. വാര്‍ ഡിലെതൊഴിലാളികള്‍ തീയ്യതി രേഖപ്പെടുത്തി രേഖാമൂലം അപേക്ഷ സമര്‍ പ്പിക്കാറില്ല അതുകൊണ്ടുതന്നെ കൃത്യമായി തൊഴില്‍ ലഭിച്ചിട്ടുണ്ടോ എന്ന് രേഖകളില്‍ നിന്നും വ്യക്തമല്ല.

3.തൊഴിലില്ലായ്മ**വേതനം:**

തൊഴില്‍ ആവശ്യപ്പെട്ടു കഴിഞ്ഞാല്‍ 15 ദിവസത്തിനകം തൊഴില്‍ ലഭ്യമാക്കാത്തപക്ഷം തൊഴിലില്ലായ്മ വേതനം ലഭിക്കാന്‍ അവകാശമുണ്ട്.വാര്‍ ഡിലെതൊഴിലാളികള്‍ തീയ്യതി രേഖപ്പെടുത്തി രേഖാമൂലം അപേക്ഷ സമര്‍ പ്പിക്കാറില്ല ,അതുകൊണ്ട് തന്നെ തൊഴിലില്ലായ്മ വേതനം ലഭിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല

**4.ഷെല്‍ ഫ് ഓഫ് പ്രോജക്റ്റ് സംബന്ധിച്ച്:**

വാര്‍ ഡില്‍ ആവശ്യമായ വികസന പ്രവൃത്തികള്‍ കണ്ടെത്തുന്നതിന് തൊഴിലാളികള്‍ ക്ക് അവകാശം ഉണ്ട്. തൊഴില്‍ കണ്ടെത്തുന്നതിനു തൊഴിലാളികളുടെയും മേറ്റിന് റെയും ഭാഗത്ത് നിന്നും പങ്കാളിത്തമുണ്ടാവുന്നുണ്ട്, എന്നാല്‍ തൊഴിലുറപ്പില്‍ അനുവദനീയമായ ആസ്തി വികസന പ്രവൃത്തികള്‍ കണ്ടെത്തുന്നതിന് വാര്‍ ഡിലെ വിവിധ മേഖലയില്‍ ഉള്ളവരുടെ പങ്കാളിത്തം ഉണ്ടാവേണ്ടതുണ്ട്.പഞ്ചായത്തില്‍ വാര്‍ ഡ് തലത്തില്‍ ഗ്രാമസഭ രജിസ്റെര്‍ സൂക്ഷിക്കുന്നതായി കണ്ടില്ല .വാര്‍ ഡിലെ പൊതു ഗ്രാമസഭയില്‍ ആണ് തൊഴിലുറപ്പ് സംബന്ധമായ യോഗം ചേര്‍ ന്നതായി കാണുന്നത്

**5.യാത്രാ ചെലവ് സംബന്ധിച്ച്:**

തൊഴിലാളികള്‍ ക്ക് താമസ സ്ഥലത്തുനിന്നും 5 കിലോമീറ്റര്‍ ചുറ്റളവില്‍ തൊഴില്‍ ലഭിക്കുവാനുള്ള അവകാശമുണ്ട്, പ്രസ്തുത പരിധിക്കു പുറത്തു തൊഴില്‍ ചെയ്യേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കില്‍ യാത്രാ ബത്തയായി കൂലിയുടെ 10% തുക നിലവിലെ കൂലി പ്രകാരം 27 രൂപ 10 പൈസ പ്രവൃത്തി ദിവസങ്ങളില്‍ ലഭ്യമാക്കണം. അഞ്ച്കിലോമീറ്റര്‍ പരിധിക്കപ്പുറം തൊഴിലുറപ്പ് പ്രവൃത്തി ചെയ്തില്ല എന്നാണു തൊഴിലാളികളില്‍ നിന്നും മനസിലാക്കാന്‍ കഴിഞ്ഞത്.

**6.പ്രവൃത്തി സ്ഥലത്തെ സൌകര്യങ്ങള്‍ സംബന്ധിച്ച്;**

തൊഴിലിടങ്ങളില്‍ ലഭിക്കേണ്ട അടിസ്ഥാന സൌകര്യങ്ങളായ പ്രഥമ ശുശ്രൂഷാ സംവിധാനങ്ങള്‍ , വിശ്രമ സമയത്തെ തണല്‍ സൗകര്യം, കുടിവെള്ളം എന്നിവ തൊഴിലാളികള്‍ ക്ക് സൌജന്യമായി ലഭ്യമാക്കേണ്ടതുണ്ട്. . തൊഴിലാളികളുമായുള്ള കൂടിക്കാഴ്ച യില്‍ മനസിലാക്കാന്‍ സാധിച്ചത് കുടിവെള്ളത്തിനായി പാത്രം,ഗ്ലാസ് എന്നിവ

ലഭ്യമായിരുന്നു എന്നും അതോടൊപ്പം പ്രഥമ ശുശ്രൂഷ മരുന്നുകള് വാങ്ങിച്ചു ഓഫീസില് നല് കുന്ന എന്നറിയാന് സാധിച്ചു.എന്നാല് ഇതുവരെ തൊഴിലാളികള് ക്ക് ,കയ്യുറ കാലുറ ലഭിച്ചിട്ടില്ല .ഇത് നിര് വഹണ ഏജന് സിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്, തുടര് ന്നുള്ള പ്രവൃത്തികളില് അടിസ്ഥാന സൌകര്യങ്ങള് ലഭ്യമാക്കുന്നതിന് നിര് വഹണ ഏജന് സി ശ്രദ്ധിക്കേണ്ടതുണ്ട്.

**അപകടങ്ങള് സംബന്ധിച്ച്:**

തൊഴിലുറപ്പ് ജോലിക്കിടെ തൊഴിലാളികള് ക്ക് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിച്ചു പോവുകയാണെങ്കില് നിയമത്തിലെ ഷെഡ്യൂള് 2(5)പ്രകാരവുംഅദ്ധ്യായം 9 ലെ പരാമര് ശങ്ങളുടെ അടിസ്ഥാനത്തിലും ചികില് സാ ചെലവുകളുടെ രേഖകള് സമര് പ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക മുഴുവനും അനുവദിച്ചു കൊടുക്കേണ്ടതാണ്.ഓഡിറ്റ് കാലയളവില് അത്തരത്തില് ഉള്ള അപകടങ്ങള് ഒന്നും സംഭവിച്ചിട്ടില്ല **.എന്നാല് നാരായണി(007/23) എന്ന തൊഴിലാളി നാലു മാസം മുന് പ് പ്രവൃത്തി സ്ഥലത്ത് നിന്നും വീണു കൈക്ക് പറ്റിയിരുന്നെന്കിലും ചികിത്സ സഹായം ലഭിച്ചില്ല എന്നാണ് അറിയാന് സാധിച്ചത്**

**7.വേതനം ലഭ്യമാക്കുന്നത് സംബന്ധിച്ച്;**

തൊഴിലുറപ്പ് നിയമത്തില് **സെക്ഷന് 3(2)**പ്രകാരം മസ്റ്റര് റോള് കാലാവധി കഴിഞ്ഞു 15ദിവസത്തിനകം തൊഴിലാളികളുടെ അക്കൌണ്ടില് കൂലി ലഭിക്കുവാന് അവകാശമുണ്ട്. പഞ്ചായത്തില് നിന്നും പതിനഞ്ച് ദിവസത്തിനുള്ളില് എഫ്.ടി.ഒ ജനറേറ്റ് ചെയ്തിട്ടുണ്ട്.

**15 ദിവസത്തിനകം വേതനം ലഭ്യമായിലെങ്കില് നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം**

തൊഴില് പൂര് ത്തീകരിച്ചു പതിനഞ്ചു ദിവസത്തുള്ളില് കൂലി ലഭിചിരുന്നിലെന്കില് കൂലിയുടെ 0.05 ശതമാനം **നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം ഉണ്ട്.** പഞ്ചായത്തില് നിന്നും പതിനഞ്ച് ദിവസത്തിനുള്ളില് എഫ്.ടി.ഒ ജനറേറ്റ് ചെയ്തിട്ടുണ്ട്.നിലവില് കേന്ദ്ര സര്കാരില് നിന്നും ഫണ്ട് ലഭ്യമാകതിരിക്കുന്ന സാഹചര്യത്തില് മാത്രമാണ് വേതനം ലഭിക്കാന് വൈകുന്നത്.

**9.പരാ-തി പരിഹാരം സംബന്ധിച്ച്:**

തൊഴിലുറപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലുംകാര്യത്തില് പരാതിയുണ്ടാകുന്ന പക്ഷം ആയത് രേഖാമൂലം പഞ്ചായത്തില് പരാതിപ്പെടാവുന്നതാണ്, പ്രസ്തുത പരാതികള് സ്വീകരിച്ചു രസീറ്റ് നല് കുകയും പരമാവധി 7 ദിവസ പരിധിക്കുള്ളില് അന്വേഷിച്ചു പരാതിക്കാരന് മറുപടി നല് കേണ്ടതാണ്(section (19). പരാതികള് അറിയിക്കുന്നതിനുള്ള ടോള് ഫ്രീ നമ്പര് (18004251004 ) പൊതുജനങ്ങള് ക്ക് കാണാവുന്ന രീതിയില് പഞ്ചായത്ത് ഓഫീസില് പ്രദര് ശിപ്പിക്കേണ്ടതുണ്ട് . പഞ്ചായത്തിലെ പരാതി രജിസ്റ്റർ പരിശോധിച്ചപ്പോള് ഇതുവരെയായി രണ്ടു പരാതികള് രജിസ്റ്ററില് രേഖപ്പെടുത്തിയതായും അതിനുള്ള നടപടി സ്വീകരിച്ചതായും കാണപെട്ടു.കൂലി വൈകിയ പരാതി ആണ് ,

**10.സോഷ്യല് ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച്:**

തൊഴിലുറപ്പില് ഏറ്റെടുത്ത പ്രവൃത്തികള് സോഷ്യല് ഓഡിറ്റ് നടത്തുന്നതില് പങ്കാളികളാവുന്നതിനു തൊഴിലാളികള് ക്ക് അവകാശമുണ്ട്. (സെക്ഷന് 17.2)

**.തൊഴിലാളികളുടെകടമകൾ**

കൃത്യസമയത്ത്തൊഴിൽസ്ഥലത്ത്ഹാജരായിഒപ്പ് വയ്ക്കുക.

തൊഴിലുറപ്പ്ഗ്രാമസഭയ്ക്ക്സോഷ്യൽഓഡിറ്റ്ഗ്രാമസഭയും കൃത്യമായിപങ്കെടുക്കുക

പ്രകൃതിസംരക്ഷണത്തിന് ആവശ്യമായ പ്രവൃത്തികൾ ഏറ്റെടുത്ത്നടപ്പിലാക്കുക.

ആസ്തിസൃഷ്ടിക്കുന്നപ്രവൃത്തികൾ കണ്ടെത്തിമേറ്റ്നെയുംപഞ്ചായത്ത് അധികൃതരെയും അറിയിക്കുക.

2018 2019 സാമ്പത്തിക വർഷത്തിൽ പുല്ലമ്പാറ പഞ്ചായത്തിലെ കൂനൻ വേങ്ങ വാർഡിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ 4 പ്രവൃത്തികളാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയത്.

*ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികളുടെ ലിസ്റ്റ്

1.മണ്ണ് ജലസംരക്ഷണം ഘട്ടം 9 DP/277947

2. മണ്ണ് ജലസംരക്ഷണം ഘട്ട 6 DP/276204

3.ലൈഫ് നിർമാണം IF/372651

4 ലൈഫ്ഭവനനിർമ്മാണം IF/361384

A MC പ്രകാരം ഒരു പ്രവർത്തി ഫയലിൽ താഴെപ്പറയുന്ന 22 രേഖകളും നിർബന്ധമായും ആയിരിക്കേണ്ടതാണ്

1.കവർപേജ്

2.ചെക്ക് ലിസ്റ്റ്

3.ആക്ഷൻ പ്ലാൻ

4.ഭരണാനുമതി

5.സാങ്കേതിക അനുമതി 6.തൊഴിൽആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
7.തൊഴിൽഅനുവദിച്ചുകൊണ്ടുള്ള നോട്ടീസ് 8.മെഷർമെൻറ് ബുക്ക്

9.സാധനങ്ങൾ വാങ്ങുന്നതിന് കൊട്ടേഷൻ ക്ഷണിച്ചതിന്റെ കോപ്പി

10.മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെ കോപ്പി

11.മാസ്റ്ററോൾ

12.വേജ് ലിസ്റ്റ് 13.വേതനത്തിനും സാധനങ്ങൾക്കക്കും പണം അടച്ചതിന്റെ

14.F T 0യുടെ കോപ്പി 15.മെറ്റീരിയൽ വൗച്ചർ

16.റോയൽ ടി അടച്ച രസീതിന്റെ കോപ്പി

17. മൂന്ന് ഘട്ടങ്ങളിലായി ഉള്ള തൊഴിലിന്റെ ഫോട്ടോകൾ

18.പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കുട്ടിയുടെ 19.ജിയോ ടാഗ് ഫോട്ടോകൾ

20.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

21.കൺവർ ജൻസ്

വിശദാംശങ്ങൾ

22.സൈറ്റ് ഡയറി

കൂനൻ വേങ്ങ വാർഡിലെ നാല് ഫയലുകൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ

- സാങ്കേതിക അനുമതി,ഭരണാനുമതി,എസ്റ്റിമേറ്റ്, അലോക്കേഷൻ എന്നിവ നാല് ഫയലുകളിലും കാണാൻ സാധിച്ചു.
- കവർപേജ്, ആക്ഷൻ പ്ലാൻ, പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഫയൽ നീക്കം, സൈറ്റ് ഡയറി എന്നിവ DP/27 79 47, DP/ 27 62 0 4 എന്നീ രണ്ട് ഫയലിൽ കാണാൻ സാധിച്ചു.
  - ചെക്ക് ലിസ്റ്റ്, സാധനങ്ങൾ വാങ്ങുന്നതിനും കൊട്ടേഷൻ ലഭിച്ചതിന്റെ കോപ്പി, മെറ്റീരിയൽ സപ്ലൈ ഓർഡർ കോപ്പി, വേതനത്തിനും സാധനങ്ങൾക്ക് പണമടച്ചതിന്റെ FTO യുടെ കോപ്പി എന്നിവ നാല് ഫയലുകളിലും ഇല്ലായിരുന്നു.

ഫീൽഡ് പരിശോധന വിവരങ്ങൾ

## DP/ 27 79 47 മണ്ണ് ജലസംരക്ഷണം

എം ബുക്ക് പ്രകാരം 1.5 മീറ്റർ നീളത്തിലും ഒരു മീറ്റർ വീതിയിലും 1.5 മീറ്റർ ആഴത്തിലും 25 മഴക്കുഴികൾ. ഫീൽഡിൽ 25 മഴക്കുഴികൾ കാണാൻ സാധിച്ചു.m ബുക്ക് ലെ അളവിനേക്കാൾ കൂടുതലായിരുന്നു. ഉടമകൾക്ക് ഉപയോഗപ്രദമായ രീതിയിലാണ് ചെയ്തിരിക്കുന്നത്. 2 മീറ്റർ നീളത്തിലും 1.5 മീറ്റർ വീതിയിലും ഒരു മീറ്റർ ആഴത്തിലുള്ള 15 കമ്പോസ്റ്റ് കുഴികൾ ആണ് എം ബുക്കിൽ. ഫീൽഡിൽ 7 കമ്പോസ്റ്റ് കുഴികൾ ഉണ്ടായിരുന്നു.8 കമ്പോസ്റ്റ് കുഴി യുടെ കുറവ് ഉണ്ടായിരുന്നു അത് വഴി ഉണ്ടായ പൊതു നഷ്ടം 25 36 രൂപ 56 പൈസ. 500 മീറ്റർ നീളത്തിലുള്ള ജൈവവേലി,ബണ്ടുകൾ എന്നിവ എം ബുക്ക് പ്രകാരം ഉണ്ട് എന്നാൽ ഫീൽഡിൽ ഇവ കാണാൻ സാധിച്ചില്ല ആഇനത്തിൽ 71 76 രൂപ 54 പൈസ പൊതു നഷ്ടം ആയി കണക്കാക്കുന്നു.

DP/27 62 0 4 മണ്ണ് ജല സംരക്ഷണം

എം ബുക്ക് പ്രകാരം 25 മഴക്കുഴികൾ ആണ്. ഫീൽഡിൽ 15 മഴക്കുഴികൾ ആണ് കാണാൻ സാധിച്ചത്. ആ ഇനത്തിൽ 23 78 രൂപ പൊതു നഷ്ടം ആയി കണക്കാക്കുന്നു. 15 കമ്പോസ്റ്റ് കുഴികൾ എം ബുക്ക് പ്രകാരമാണ് ഫീൽഡിൽ ഒരു കമ്പോസ്റ്റ് കുഴി ആണ് ഉണ്ടായിരുന്നത് 14 കമ്പോസ്റ്റ് കുഴി യുടെ കുറവ് ഉണ്ടായിരുന്നു. ആയഇനത്തിൽ 44 38 രൂപ 98 പൈസ നഷ്ടം ആയി കണക്കാക്കുന്നു. 500 മീറ്റർ നീളത്തിലുള്ള ജൈവവേലി യും എം ബുക്ക് പ്രകാരം ഉണ്ടായിരുന്നു എന്നാൽ ഫീൽഡിൽ കാണാൻ സാധിച്ചില്ല. ജൈവവേലി യും ബണ്ടും ഇല്ലാത്തതിനെ ഇനത്തിൽ 67 87 രൂപ 86 പൈസ പൊതു നഷ്ടം ആയി കണക്കാക്കുന്നു.

രണ്ട് പ്രവർത്തികളിൽ ആയി 23 31 8 രൂപ 24 പൈസ പൊതു നഷ്ടം കണക്കാക്കുന്നു.

IF/37 26 51, IF/36 13 84 എന്നീ ഫയലുകൾ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ടതായിരുന്നു. രണ്ടു ഫയലുകളിൽ ആയി 15 ഭവനങ്ങൾ സന്ദർശിക്കുകയുണ്ടായി അതിൽ കൂലി മുഴുവനായും ലഭിച്ചിട്ടില്ല.മാസ്റ്ററോൾ ഒപ്പിട്ട രീതിയിൽ കൂലി ലഭ്യമാകുന്നു എന്ന് മനസ്സിലാക്കാൻ സാധിച്ചു. എല്ലാ

വീടുകളും പൂർത്തീകരിച്ചിട്ടില്ല.

## രജിസ്റ്റർ പരിശോധന

കേന്ദ്ര സർക്കാരിൻറെ നിർദ്ദേശപ്രകാരം ഏഴ് രജിസ്റ്റർനിർബന്ധമായുംഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

- തൊഴിൽ കാർഡിന് ആയുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ
- ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ തൊഴിൽ ആവശ്യപ്പെട്ടതും കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ
- പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
- സ്ഥിര ആസ്തികളുടെ രജിസ്റ്റർ
- പരാതി രജിസ്റ്റർ
- സാധന രജിസ്റ്റർ

പുല്ലമ്പാറ പഞ്ചായത്തിൽ ഏഴ് രജിസ്റ്ററും കാണാൻ സാധിച്ചു.

## തൊഴിൽ കാർഡ്

തൊഴിലാളികളുടെ അടിസ്ഥാന രേഖയാണ് തൊഴിൽകാർഡ് ഒരു പ്രദേശത്ത് സ്ഥിരതാമസമാക്കിയ ഒരു കുടുംബത്തിന് തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം ഉണ്ട് 18 വയസ്സ് തികഞ്ഞ തൊഴിൽ ചെയ്യാൻ താല്പര്യമുള്ള ഏതൊരാൾക്കും ഈ പദ്ധതിയിൽ അംഗമാകാം. തൊഴിൽ കാർഡ് തൊഴിലാളികളുടെ കൈവശമാണ് സൂക്ഷിക്കേണ്ടത് പരിശോധനയിൽ ഭൂരിഭാഗം തൊഴിൽ കാർഡുകളുംമേറ്റ്മാർ സൂക്ഷിക്കുന്നതായി  കാണാൻ സാധിച്ചു

## സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടി യുള്ള ഒരു ഉപാധിയാണ് സി ഐ ബി ഒരു പ്രവർത്തിയുടെ അടിസ്ഥാനവിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുക, സാധന വേദന ഘടകങ്ങൾ, യഥാർത്ഥ തുക, തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്.

DP/27 79 47, DP/ 27 62 0 4 എന്നീ രണ്ട് പ്രവർത്തികളിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ സാധിച്ചു

## ജാഗ്രതാ മേൽനോട്ട സമിതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട സംഘടനാപരമായ ഒരു വിഭാഗമാണ് ജാഗ്രത മേൽനോട്ട സമിതി 2018 -19 സർക്കുലർ പ്രകാരം ജാഗ്രത മേൽനോട്ടസമിതിയിൽ സമൂഹത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുകയും ജനസമ്മതനായ ഒരു വ്യക്തിയും ഒരു ജനപ്രതിനിധിയും വനിതകളും ഉൾപ്പെടുന്ന 5 മുതൽ 7 വരെ അംഗങ്ങൾ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കുന്നത് ഗ്രാമസഭയിൽ വച്ചാണ്. വാർഡ് തലത്തിൽ സ്വീകരിക്കേണ്ട ഈ കമ്മിറ്റിയിൽ അധ്യാപകർ,  ആശാവർക്കേഴ്സ് നിന്നും ജോയിൻ ലൈബിലിറ്റി അംഗ യൂത്ത് ക്ലബ്ബ് അംഗങ്ങൾ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ നിന്നുള്ള അംഗങ്ങൾ ആയിരിക്കണം വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി ഉൾപ്പെടുത്തേണ്ടത് പ്രാതിനിധ്യം സ്വഭാവത്തോടെ കൂടി ജനങ്ങളിൽനിന്ന് തെരഞ്ഞെടുക്കുന്ന കമ്മിറ്റിയുടെ കാലാവധി ചുരുങ്ങിയത് ആറു മാസം കാലവും പരമാവധി ഒരു വർഷവുമാണ്.പ്രവർത്തി നടക്കുമ്പോഴും പൂർത്തീകരിക്കും പോലും ഈ സമിതിക്ക് പ്രവർത്തി പരിശോധിക്കുവാനും തിരുത്തൽ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ പഞ്ചായത്തിൽ രേഖാമൂലം അറിയിക്കാവുന്നതാണ് റിപ്പോർട്ടുകൾ വർക്ക് ഫയലിന്റെ  ഭാഗമായി ഇരിക്കുന്നതും ഒരു കൺകറൻറ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് എന്ന നിലയിൽ പിന്നീട് ഗ്രാമസഭ നടത്തുന്ന സോഷ്യൽഓഡിറ്റ് ന്  ഇത് സഹായകമാവുകയും ചെയ്യും.പുല്ലമ്പാറ പഞ്ചായത്തിലെ കൂനൻ വേങ്ങ വാർഡിൽ

പ്രഭാത്,   സുധാകരൻ നായർ ജയൻ,  രാജേന്ദ്രൻ നായർ,  സുശീല എന്നിവരാണ് അംഗങ്ങൾ അവർ പ്രവർത്തി സ്ഥലങ്ങൾ സന്ദർശിക്കാറുണ്ട്. എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. സൈറ്റ് ഡയറിയിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്താറുണ്ട്.

## <u>നിർദ്ദേശങ്ങൾ</u>

- പ്രാദേശിക ഭാഷയിലുള്ള എസ്റ്റിമേറ്റ് പ്രവർത്തി സ്ഥലങ്ങളിൽ ലഭ്യമാക്കണം.
- പ്രവർത്തി ഫയലിൽ  സൂക്ഷിക്കേണ്ട 22 രേഖകളും കൃത്യമായി സൂക്ഷിക്കണം.
- എസ്റ്റിമേറ്റ് പ്രകാരമുള്ള ജോലികൾ തന്നെ ചെയ്യാൻ ശ്രദ്ധിക്കണം.
- കാലാവസ്ഥ അനുസരിച്ച് കലണ്ടറനുസരിച്ച് തൊഴിൽ പദ്ധതികൾ തിരഞ്ഞെടുക്കുക.
- തൊഴിൽ കാർഡ് കൃത്യമായി പൂരിപ്പിച്ച തൊഴിലാളികൾ നൽകുക ഒരു കാരണവശാലും സൂക്ഷിക്കാതിരിക്കുക.
- തൊഴിലാളികൾ നിയമ പ്രകാരം അനുവദനീയമായ അത്രയും പ്രവർത്തനങ്ങൾ ചോദിച്ച് വാങ്ങേണ്ടതാണ് ഇതിനായി തൊഴിൽ ഡിമാൻഡ് ചെയ്യുകയും അതിനു കൈപ്പറ്റ് രസീത് വാങ്ങേണ്ടതാണ്.

## <u>ഗ്രാമസഭയിൽ ഉയർന്നുവന്ന ചോദ്യങ്ങളും നിർദ്ദേശങ്ങളും</u>

വിജയകുമാരി:അപകടം പറ്റിയിട്ടും പൈസ കിട്ടിയില്ല പഞ്ചായത്തിൽ അപേക്ഷ നൽകി.

പത്മാവതി:വൃദ്ധർക്ക് പരിഗണന നൽകണം.

ഇന്ദിര :അപേക്ഷ മേറ്റ് അല്ലാതെ ആർക്കുവേണോ കൊടുക്കാമോ

. മാജിത : പള്ളിനട റോഡ് വൃത്തി ആക്കുന്ന പണി കിട്ടുമോ.,

ബിന്ദു: പുതിയ തൊഴിൽ കാർഡ് കിട്ടിയില്ല.

ഷാനിഫ : പുരയിടം കൃഷിക്ക് നൽകണം.

ജഗദമ്മ, ഷാന്ബാതു:100 പണികൾ കിട്ടണം.

ആബിദ: BPL കാർക്ക് മാത്രമേ പണിചെയ്തിട്ടുള്ളു APL പുരയിടവും ഉൾപ്പെടുത്തണം. ലൈഫ് ഭവന പദ്ധതിയിൽ ഷാഹിന, ആലിമ ബീവി, എന്നിവർ പൈസ കിട്ടാത്തതിനെ കുറിച്ചു പരാമർശിച്ചു.

നസീമ: കൂനൻ വെങ്ങാ ശാന്തി നഗർ റോഡ് കാടു വെട്ടൽ പ്രവർത്തി ഉൾപ്പെടുത്തണം. നബീസ ബീവി, റാഹില ബീവി:എന്നിവർ ജോലി സമയം കുറക്കണം എന്ന ആവശ്യം പറഞ്ഞു.

ദീപ്തി :ടാർപാ, ഫസ്റ്റ് എയ്ഡ് ബോക്സ്

ചോദ്യങ്ങൾക്കുള്ള മറുപടി ഓവർസിയർ അൻഷാദ് പറഞ്ഞു.

മേറ്റ്മാർ അവകാശങ്ങൾസൈറ്റിൽ വായിച്ചു കൊടുക്കണം.

ഫസ്റ്റ് എയ്ഡ് ബോക്സ് മുൻപ് പി എച്ച് സി വഴി കൊടുക്കുമായിരുന്നു സാധന ലഭ്യത കുറവുകൊണ്ട് ഇപ്പോൾ എത്തിച്ചുകൊടുക്കാൻ സാധിക്കുന്നില്ല. അപകടം പറ്റിയാൽ ഡോക്ടർ സർട്ടിഫിക്കറ്റും ബില്ലുകളും പഞ്ചായത്തിൽ നൽകണം എങ്കിൽ നടപടി സ്വീകരിക്കാം. വിജയകുമാരി ക്ക് അപകടം പറ്റിയ അതിനെ കുറച്ച് കൃത്യമായി അന്വേഷിച്ച് നടപടിയെടുക്കുന്നത് ആയിരിക്കും.

തൊഴിൽ കാർഡ് മേറ്റു മാർ സൂക്ഷിക്കുന്നതിന് സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും നിർദേശം കൊടുത്തിട്ടുണ്ട്.

തൊഴിലാളികൾ സൂക്ഷിക്കണമെന്ന് കൂലി കിട്ടാത്തതിന് കാരണം കേന്ദ്രത്തിൽനിന്ന് ഫണ്ട് വന്നിട്ടില്ല വരുന്ന മുറയ്ക്ക് ലഭ്യമാക്കുന്നത് ആയിരിക്കും. റോഡ് പണിയുമായി ബന്ധപ്പെട്ട തൊഴിലുറപ്പ് കാടു പറയ്ക്കൽ വൃത്തിയാക്കൽ മുതലായ പണികൾ നിലവിലില്ല പുതിയ റോഡുകൾ ആണെങ്കിൽ നിർമ്മിക്കാം.

വൃദ്ധർക്ക് പരിഗണന എന്ന് നിൻറെ മറുപടി കൂട്ടത്തിൽ ഉള്ളവരോട് കരുണ യും സ്നേഹവും ഉണ്ടെങ്കിൽ മാത്രമേ അവരെ പദ്ധതിയുടെ വിജയത്തിലെത്തിക്കാൻ സാധിക്കൂ. ജോലിക്കായി അപേക്ഷ ഒറ്റക്കും കൂട്ടായും അപേക്ഷിക്കാം. വാർഡിന് വെളിയിൽ ജോലി തരാം. പുതിയ തൊഴിൽ കാർഡ് ആക്ടീവ് ആയിട്ടുള്ള തൊഴിലാളികൾക്ക് നൽകുക എന്ന നിർദ്ദേശം ഉണ്ടായിരുന്നു. കൂനൻ വേങ്ങ വാർഡിൽ മാത്രമേ ഇനി തൊഴിൽ കാർഡ് കിട്ടാൻ ഉള്ളൂ കാർഡ് ലഭ്യമാകുന്ന മുറയ്ക്ക് തരുന്നതായിരിക്കും കുടിവെള്ളം എത്തിച്ചു കൊടുക്കുവാൻ ഉള്ള ചുമതല മേറ്റ് നുള്ള താണ്.

ബിപിഎൽ പുരയിടം പോലും നിലവിൽ ചെയ്യാൻ അനുമതി ലഭിക്കുന്നില്ല അതുകൊണ്ട് ഇപ്പോൾ എ പി എ ലഭ്യമാകില്ല.

**<u>ഉപസംഗ്രഹം</u>**

പ്രവർത്തികൾ തിരഞ്ഞെടുക്കുമ്പോൾ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഭൂമിയെ പുനരുജ്ജീ വിപ്പിക്കുന്നതിനും അതുവഴി സുസ്ഥിര വികസനം സാധ്യമാകുന്നതിനും ലക്ഷ്യം വെച്ചിട്ടു ള്ള തൊഴിലുറപ്പു പദ്ധതിയുടെ പ്ലാനിംഗ് , നടത്തിപ്പ് എന്നിവ സാമൂഹിക പാരിസ്ഥിക മാനദണ്ഡങ്ങൾ പാലിച് കൊണ്ട് ശാസ്ത്രീയ മായിത്തന്നെ നടപ്പിലാക്കേണ്ടതുണ്ട്. എങ്ങനെയെങ്കിലും പ്രവർത്തി കൾ നടപ്പിലാക്കി ചെലവ് കൂട്ടുക എന്നും തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കൂട്ടുക എന്നും മാത്രമാവരുത് നിലപാടുകൾ. വ്യക്തമായ കാഴ്ചപ്പാടില്ലാതെ അശാസ്ത്രീയമായ രീതിയിൽ പ്രവർത്തികൾ തെരെഞ്ഞെടുക്കുന്നതും ചെയ്യുന്നതും , കാലാനുസൃതമല്ലാത്ത പ്രവർത്തികൾ ചെയ്യുന്നതും ഇതിന്റെ യഥാർത്ഥ ലക്ഷ്യത്തെ കളങ്കപ്പെടുത്തുന്നതായി വിഷമത്തോടെ നോക്കി നിൽക്കേ ണ്ടി വരുന്നത് ആശങ്കാജനകമാണ്. ഈ സാമൂഹിക പരിശോധന ഒരു ഉയിർത്തെഴുന്നേൽപ്പിനു സാധ്യമാകുന്ന പ്രത്യാശയോടെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

സോഷ്യല് ഓഡിറ്റ് പ്രവര് ത്തന ങ്ങളില് പങ്കാളികള് ആയവര്

**തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥര്**
**വാര് ഡിലെ തൊഴിലാളികള്**
**മേറ്റ് മാര്**
**പഞ്ചായത്ത് ഭരണ സമിതി അംഗങ്ങള്**
**പഞ്ചായത്ത് ഉദ്യോഗസ്ഥര്**
**കുടുംബശ്രീ പ്രവര് ത്തകര്**

അനുബന്ധം- 1-

**തൊഴിലുറപ്പുപദ്ധതിയിൽഏറ്റെടുത്ത്ചെയ്യാൻപറ്റിയപ്രവൃത്തികൾ**

1. **വിഭാഗംഎ :**പ്രകൃതിവിഭവപരിപാലനവുമായിബന്ധപ്പെട്ടപൊതുപ്രവൃത്തികൾ
2. **വിഭാഗംബി:**
   സമൂഹത്തിൽഅവശതഅനുഭവിക്കുന്നവിഭാഗങ്ങൾക്കുള്ളവ്യക്തിഗതആസ്തികൾഖണ്ഡിക 5ൽപരാമർശിക്കുന്നകുടുംബങ്ങൾക്ക്മാത്രം
3. **വിഭാഗംസി:**
   ദേശീയഗ്രാമീണഉപജീവനമിഷൻനിബന്ധനകൾഅനുസരിക്കുന്നസ്വയംസഹായസംഘങ്ങൾക്ക്പൊതുഅടിസ്ഥാനസൗകര്യങ്ങൾ
4. **വിഭാഗംഡി:** ഗ്രാമീണഅടിസ്ഥാനസൗകര്യങ്ങൾ

അനുബന്ധം: **വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകള് .**

**മേറ്റ് മാരുടെ ചുമതലകള് .**

പ്രവൃത്തി സ്ഥലങ്ങളില് പ്രവൃത്തിയുടെ മേല് നോട്ടം.

തൊഴില് കാര് ഡില് ആവശ്യമുള്ള വിവരങ്ങള് രേഖപ്പെടുത്തുക.

മസ്റ്റര് റോളില് തൊഴിലാളികളുടെ ഹാജര് ഉറപ്പു വരുത്തുക.

മേറ്റ്മാരുടെ പരിശീലനങ്ങളില് പങ്കെടുക്കുക. അറിവുകള് തൊഴിലാളികളുമായി പങ്കുവെക്കുക

പ്രവൃത്തി ഇടങ്ങളില് ആവശ്യ മായ സൌകര്യങ്ങള് ഉണ്ടോ എന്ന് ഉറപ്പു വരുത്തുക

സൈറ്റ് ഡയറിയില് മോണിറ്ററിംഗിന് വരുന്ന ഉദ്യോഗസ്ഥരെ കൊണ്ട് ഒപ്പ് വയ്പ്പിക്കണം

തൊഴിലാളികള് ക്ക് അവരുടെ പത്തു അവകാശങ്ങളെ കുറിച്ച് പറഞ്ഞു കൊടുക്കുകയും അവരെ ബോധാവത്കരിക്കുകയും ചെയ്യുക

പുതിയ തൊഴില് ഇടങ്ങള് കണ്ടെത്തുവാനും പുതിയ തൊഴില് ആസൂത്രണം ചെയ്യുവാനും തൊഴിലാളികളെ സഹായിക്കുക .

കൃത്യമായി സോഷ്യല് ഓഡിറ്റ് ഗ്രാമസഭയിലും,പ്രൊജക്റ്റ് മീറ്റിങ്ങിലും പരിശീലന ക്യാമ്പിലും പങ്കെടുക്കുക.

മറ്റു തൊഴിലാളികള് ക്ക് കൂടി മേറ്റ് ന്റെ ചുമതലകളിലേക്ക് കടന്നു വരാനുള്ള സാഹചര്യം ഉണ്ടാക്കുക

തൊഴിലാളികളുമായി നിരന്തര സമ്പര് ക്കം പുലര് ത്തുകയും കൂടുതല് ബന്ധം സ്ഥാപിക്കുകയും ചെയ്യുക.

**ഓവര്‍ സീയര്‍ /എഞ്ചിനീയര്‍**

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കല്‍ .

പ്രവൃത്തിയുടെ സാങ്കേതിക കാര്യങ്ങളും അളവുകളും തൊഴിലാളികള്‍ ക്ക് പറഞ്ഞു കൊടുക്കുക.

പ്രവൃത്തിയുടെ അളവുകള്‍ രേഖപ്പെടുത്തി കൂലിനല്‍ കുന്നതി നാവശ്യമായ നടപടികള്‍ ചെയ്യുക.

**പഞ്ചായത്ത് സെക്രട്ടറി /അസിസ്റ്റന്‍ റ് സെക്രട്ടറി**

പദ്ധതിയുടെ മേല്‍ നോട്ടം.

ബില്ലുകള്‍ അംഗീകരിക്കല്‍ .

തൊഴിലാളികളുടെ വേതനം യഥാസമയം അവരുടെ എക്കൌണ്ടില്‍ എത്തിയെന്നത് ഉറപ്പു വരുത്തല്‍ .

മസ്റ്റര്‍ റോള് സാക്ഷ്യപ്പെടുത്തി തൊഴില്‍ അനുമതി നല്‍ കുക,